പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 595 — 11.6.2013-ൽ മറുപടിക്ക്

## എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.പി.വിൻസെൻറ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ - സ്ഥാപനങ്ങളിൽ എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) പരിഗണനയിലുണ്ട്. |
| (ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;<br><br>(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | <u>(ബി),(സി)&(ഡി)</u><br>പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ERP സംവിധാനം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള മലബാർ സിമൻറ്സിൽ ഇപ്പോൾ നിലവിലുണ്ട്. അതിനാൽ മറ്റു സ്ഥാപനങ്ങളിൽക്കൂടി ERP സംവിധാനം താരതമ്യേന ചെലവു കുറഞ്ഞതും സുതാര്യവുമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ e-tender മുഖേന ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് നടപ്പിലാക്കുകവഴി സ്ഥാപനങ്ങളിലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഫലപ്രദമായി |

പ്രവർത്തിക്കുവാനുള്ള സംവിധാനം സാധ്യമാകും. കൂടാതെ ഓരോ കമ്പനികളുടെയും മൊത്തത്തിലുള്ള പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കാനും കഴിയും.

ഇതിന്റെ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തിയിട്ടുണ്ട്.

10: കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം e-governance-ന്റെ ഭാഗമായി ഏർപ്പെടുത്തിക്കഴിഞ്ഞു.

Ajith

സെക്ഷൻ ഓഫീസർ